# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലന കേന്ദ്രം (ബുള്ളറ്റിൻ സെപ്റ്റംബർ 2015)



Ph : 0490 2344430, E-mail : catechesistly@gmail.com


> "ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു"
> (ലൂക്ക 2:52)

### 1. ഓണപരീക്ഷ - സെപ്റ്റംബർ 13

ഓണപരീക്ഷ സെപ്റ്റംബർ 13-ാം തീയതിയാണ്. പരീക്ഷാചോദ്യപ്പേപ്പർ 12-ാം തീയതി ഫൊറോനാകേന്ദ്രത്തിൽനിന്ന് എടുക്കാവുന്നതാണ്. **പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. സമയത്തിൽ മാറ്റം വരുത്താൻ പാടില്ല. 13-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്ക് വേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് നേരത്തേ പറഞ്ഞ് ക്രമീകരിക്കേണ്ടതാണ്.** പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തരമൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി ഈ വർഷത്തെ പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

### 2. ജനറൽ/മോഡൽ ചോദ്യങ്ങൾ

കുട്ടികളുടെ പരീക്ഷയുടെ മോഡൽ ചോദ്യങ്ങളും ജനറൽ ചോദ്യങ്ങളും വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. അധ്യാപകർ കുട്ടികളെ വെബ്സൈറ്റ് പരിചയപ്പെടുത്തുമല്ലോ.

### 3. അസൈൻമെന്റ് ക്ലാസ് - XII

ഈ അധ്യയനവർഷത്തെ XII-ാം ക്ലാസ് കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **ഒക്ടോബർ 31**നാണ്. ഇക്കാര്യം കുട്ടികളെ നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ കൂടാതെ താഴെകൊടുത്തിരിക്കുന്ന **മൂന്ന് അദ്ധ്യായങ്ങളെപ്പറ്റിയുള്ള വിഷയവിവരണം 6 പേജ് ഉണ്ടായിരിക്കണം** 10 പേജിൽ അധികമാകരുത്. കുട്ടിയുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം.

### വിഷയം: "ജീവൻ ദൈവീകദാനം"

അധ്യായങ്ങൾ 1. ജീവൻ ദൈവീകദാനം 2. ജീവനെതിരെയുള്ള വെല്ലുവിളികൾ 3. ജീവനെ സംബന്ധിച്ചുള്ള കത്തോലിക്കാ സഭയുടെ നിലപാട്.

**റഫ്രൻസ് ഗ്രന്ഥങ്ങൾ**

**a. ഗ്രന്ഥങ്ങൾ** 1. അബ്രഹാം പുത്തൻകളം, "ജീവന് കാവൽ" 2. മാത്യു ആനിക്കുഴിക്കാട്ടിൽ, "ജീവിതം ജീവന്റെ വഴിയെ" 3. സ്കറിയ കന്യാകോണിൽ, "മനുഷ്യ ജീവിതം ക്രൈസ്തവ വീക്ഷണത്തിൽ" 4. മൈക്കിൾ കാരിമറ്റം, "ജീവന്റെ സുവിശേഷം" **b. സഭാ പഠനങ്ങൾ:** 1. എവാഞ്ചേലിയും വീത്തേ 2. ഹ്യുമാനേ വീത്തേ 3. ഡോണും വീത്തേ 4. ഫമിലിയാരിസ് കോൺസോർസിയോ 5. ഹ്യൂമാനെ ജേനറീസ് **c. ആനുകാലിക പ്രസിദ്ധീകരണങ്ങൾ**

### 4. ധ്യാനം : ക്ലാസ് XII (*TESTES DOMINI*) ഒക്ടോബർ 2-4

അഭിവന്ദ്യ പിതാവിന്റെ സർക്കുലറിൽ അറിയിച്ചിരുന്നതുപോലെ പഠനത്തിന്റെ ഭാഗമായി XII-ാം ക്ലാസിലെ കുട്ടികളെ 'കർത്താവിന് സാക്ഷികളായിത്തീരുവാൻ' ഒരുക്കുന്നതിനുവേണ്ടി ഈ വർഷം മദർ ഹോമിൽവച്ച് ***TESTES DOMINI*** എന്ന പേരിൽ പൊതുവായ ധ്യാനമാണുള്ളത്. മൂന്നാമത്തെ ധ്യാനം **ഒക്ടോബർ 2,3,4 തീയതി**കളിലായി **വെള്ളരിക്കുണ്ട്, തോമാപുരം, വായാട്ടുപറമ്പ്** തുടങ്ങിയ ഫൊറോനകളിലെ കുട്ടികൾക്കായി മദർ ഹോമിൽ വച്ച് നടത്തുന്നു. **2ന് വെള്ളിയാഴ്ച്ച രാവിലെ 9.30ന് ആരംഭിച്ച് 3ന് 1മണിക്ക് ധ്യാനം അവസാനിക്കുന്നതാണ്.** ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലേയും കുട്ടികളെ ധ്യാനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ധ്യാന ഫീസ് 300 രൂപ. ഹെഡ്മാസ്റ്റർമാർ ഈ വിവരം കുട്ടികളെ നേരത്തേ അറിയിച്ച് ധ്യാനത്തിനായി അവരെ ഒരുക്കേണ്ടതാണ്. എല്ലാ കുട്ടികളും നിർബന്ധമായും ഈ ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്. കൂടാതെ ധ്യാനം സംബന്ധിച്ചുള്ള വിവരങ്ങൾ പള്ളിയിൽ മാതാപിതാക്കന്മാരെകൂടി അറിയിക്കാൻ ബഹു. വികാരിയച്ചന്മാരെ ഓർമ്മപ്പെടുത്തേണ്ടതാണ്. കഴിഞ്ഞ ധ്യാനത്തിൽ ആലക്കോട്, കാഞ്ഞങ്ങാട്, പൈസക്കരി എന്നീ ഫൊറോനകളിൽനിന്ന് 550 കുട്ടികൾ പങ്കെടുത്തു. ധ്യാനവിജയത്തിനായി സഹകരിച്ച ബഹു. വികാരിയച്ചന്മാർക്കും അധ്യാപകർക്കും ധ്യാനം നടത്തുന്ന മദർ ഹോം ടീം അംഗങ്ങൾക്കും നന്ദി.

### 5. പ്രോഗ്രസ് കാർഡ്

സൺഡേസ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും പ്രോഗ്രസ്കാർഡ് ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ പ്രോഗ്രസ്കാർഡിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും മൂന്നു പരീക്ഷകളുടെ മാർക്കും കൃത്യമായി ചേർത്ത് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

### 6. ഹാൻഡ് ബുക്ക്

അദ്ധ്യാപകൻ തന്റെ ക്ലാസിലെ ഓരോ കുട്ടിയെക്കുറിച്ചും ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ രേഖപ്പെടുത്തുവാനും കുട്ടിയെക്കുറിച്ച് വിലയിരുത്തൽ നടത്തുവാനും പരീക്ഷാരീതിയെക്കുറിച്ച് അറിയുവാനും ഉപകരിക്കുന്നവിധത്തിൽ

തയ്യാറാക്കിയിട്ടുള്ളതാണ് ഹാൻഡ്ബുക്ക്. അതിനാൽ എല്ലാ സൺഡേസ്കൂൾ അദ്ധ്യാപകരും ഹാൻഡ് ബുക്ക് നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്.

**7. ലൂമെൻ എക്ലേസിയേ (ദൈവശാസ്ത്രകോഴ്സ്)**

ഓരോ സൺഡേ സ്കൂളിലും ദൈവശാസ്ത്രകോഴ്സ് പഠിക്കുന്നവരുടെ വിവരങ്ങൾ ഓഫീസിൽ സൂക്ഷിക്കേണ്ടതുണ്ട്. അതിനാൽ വെബ്സൈറ്റിൽ ഫോംസ് (forms) എന്ന് കൊടുത്തിരിക്കുന്നതിൽനിന്ന് ലൂമെൻ എക്ലേസിയ എന്ന ഫോമിന്റെ കോപ്പിയെടുത്ത് ദൈവശാസ്ത്രകോഴ്സ് പഠിക്കുന്ന അധ്യാപകരുടെ പേരുവിവരങ്ങൾ ചേർത്ത് ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

**8. വെബ്സൈറ്റ് (catechismthalassery.org)**

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിനെക്കുറിച്ച് എല്ലാ അധ്യാപകരേയും കുട്ടികളേയും അറിയിക്കേണ്ടതാണ്. വെബ്സൈറ്റിൽ (catechismthalassery.org) എല്ലാ അധ്യാപകരുടെയും കുട്ടികളുടെയും പേരുവിവരങ്ങൾ സെപ്റ്റംബർ 30ന് മുമ്പ് കൃത്യമായി ചേർക്കേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. അടുത്തുള്ള ഹെഡ്മാസ്റ്റർമാരുടെയും അധ്യാപകരുടെയും സഹായം തേടാവുന്നതാണ്. പ്രോഗ്രസ് കാർഡിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ക്ലാസ് അധ്യാപകരെക്കൊണ്ട് പൂരിപ്പിച്ചാൽ വെബ്സൈറ്റിൽ കുട്ടികളുടെ വിവരങ്ങൾ ചേർക്കാൻ എളുപ്പമാകും. ജനന-മാമ്മോദീസ തീയതികൾ കൃത്യമായും പേര്, വീട്ടുപേര് എന്നിവ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. കുട്ടിയുടെ മാമ്മോദീസാപേരിനോടും സ്കൂളിലെ പേരിനോടുമൊപ്പം പിതാവിന്റെ പേരും ഇനീഷ്യലും ചേർക്കേണ്ടതില്ല. വെബ്സൈറ്റിൽ അങ്ങനെ ചേർത്തിട്ടുള്ളവർ അത് തിരുത്തേണ്ടതാണ്. റിപ്പോർട്ട് സെക്ഷനിലെ ടീച്ചേഴ്സ് ലിസ്റ്റും സ്റ്റുഡൻസ് ലിസ്റ്റും പരിശോധിച്ചാൽ നിങ്ങൾ ചേർത്ത എല്ലാ വിവരങ്ങളും കാണുവാൻ സാധിക്കും.

**9. ഓഫീസ്, റിക്കോർഡുകൾ**

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യായന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

**10. ഡി.വി.ഡി., വീഡിയോ : ക്ലാസ് I - IV**

കമ്പ്യൂട്ടറിന്റെ സഹായത്തോടെ ആകർഷകമായ രീതിയിൽ I മുതൽ IV വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വിശ്വാസപരിശീലനത്തിന് സഹായിക്കുന്ന നാല് വീഡിയോ സിഡികൾ ഓഫീസിൽ ലഭ്യമാണ്. വില ഓരോന്നിനും 60 രൂപവീതം. എല്ലാ സൺഡേസ്കൂളുകളും പ്രസ്തുത സിഡികൾ വാങ്ങേണ്ടതാണ്.

**11. ആദരാഞ്ജലികൾ**



നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട പാലത്തിൻകടവ് സൺഡേ സ്കൂൾ അധ്യാപകനായിരുന്ന വർഗ്ഗീസ് ചെമ്പകശ്ശേരി സാറിന്റെ കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. കഴിഞ്ഞ 40 വർഷക്കാലം സൺഡേ സ്കൂൾ അധ്യാപകനും 24 വർഷം ഹെഡ്മാസ്റ്ററും എന്ന നിലയിൽ ചെയ്ത എല്ലാ സേവനങ്ങളെയും നന്മകളെയും നന്ദിയോടെ അനുസ്മരിക്കുന്നു. വർഗ്ഗീസ് സാറിന്റെ ആത്മാവിന്റെ നിത്യശാന്തിയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

**12. ബാങ്ക് വഴി അടയ്ക്കാം**

ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന പുതിയ അക്കൗണ്ടിലേയ് ക്കാണ് തുകകൾ അയക്കേണ്ടത്.

| | | |
|---|---|---|
| A/Holder | : | Department of Catechesis |
| A/No | : | 0078053000073503 |
| IFSC | : | SIBL 0000078 |
| Bank | : | South Indian Bank, Thalassery |

**ശ്രദ്ധിക്കുക**

a) ആഴ്ചയിൽ ഒരു ദിവസം മാത്രം നടത്തുന്ന വേദപാഠം വളരെപ്രധാനപ്പെട്ടതായതിനാൽ ക്ലാസ്സു സമയത്തിനിടയിലുള്ള മറ്റു പരിപാടികൾ നിരുത്സാഹപ്പെടുത്തണം. ക്ലാസ് സമയത്തിന് കുറവുവരാതിരിക്കാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. എക്സ്ട്രാ ആക്ടിവിറ്റികൾക്ക് ക്ലാസ് കഴിഞ്ഞുള്ള സമയമോ മാസാവസാനം നടത്താൻ കലണ്ടറിൽ നിർദ്ദേശിച്ചിരിക്കുന്ന ഉച്ചക്കഴിഞ്ഞുള്ള വേദപാഠക്ലാസിന്റെ സമയമോ പ്രയോജനപ്പെടുത്തേണ്ടതാണ്.

b) വിവിധ ആവശ്യങ്ങൾക്കായി ഹെഡ്മാസ്റ്റർമാർ കൊടുത്തുവിടുന്ന കത്തുകൾ നിർബന്ധമായും സൺഡേ സ്കൂൾ ലെറ്റർ പാടിലെഴുതിയതും ഒപ്പും സീലും ഉള്ളതുമായിരിക്കണം.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ